പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 716

08.03.2012- ൽ
മറുപടിക്ക്

**തൊഴിലുറപ്പു പദ്ധതിയിൽ കയർ വ്യവസായ തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) തൊഴിലുറപ്പു പദ്ധതിയിൽ കയർ വ്യവസായ തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | തൊഴിലുറപ്പു പദ്ധതിയിൽ കയർ തൊഴിലാളികളെ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിക്കുന്ന നിവേദനം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |
| (ബി) കയറുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പാക്കേജ് എന്താണ് എന്ന് വ്യക്തമാക്കാമോ? | കയർ മേഖലയിൽ നടപ്പിലാക്കുന്ന നിരവധി പദ്ധതികൾ ക്രോഡീകരിച്ചുള്ള വികസനമാണ് കയർ മേഖലയിൽ നടപ്പിലാക്കുന്നത് . വരുമാന ഉറപ്പാക്കൽ പദ്ധതി, കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം വർദ്ധിപ്പിച്ച മൂലധനം നല്കുന്ന പദ്ധതി, തൊണ്ട് സംഭരണ പദ്ധതി പ്രകാരമുള്ള വിവിധ സഹായം എന്നിവയെല്ലാം കയർ മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും കൂടുതൽ തൊഴിൽ അവസരങ്ങളും ലഭ്യമാക്കാൻ ഉദ്ദേശിച്ച് കൊണ്ടുള്ള പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ